**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** — **04-03-2025 - ൽ മറുപടിയ്ക്ക്**

**എന്റർപ്രണർ സപ്പോർട്ട് സ്കീം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ടി. എ. റഹീം** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |
| (എ) എന്റർപ്രണർ സപ്പോർട്ട് സ്കീമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; | (എ) **സംരംഭകസഹായപദ്ധതി (ഇ.എസ്.എസ്.)** |

വ്യവസായമേഖലയിലെ നിക്ഷേപം പ്രോത്സാഹി പ്പിക്കുന്നതിനായി സംരംഭകസഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദനമേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്.

**a. പ്രാരംഭസഹായം (Start-up Support)**

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സ്ഥിര മൂലധനവായ്പ (Term Loan) എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പദ്ധതിപ്രകാരം അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി മൂന്ന് ലക്ഷം രൂപ സ്ഥാപനം ആരംഭിക്കുന്നതിനു മുൻപായി പ്രാരംഭ സഹായമായി ധനസഹായം നൽകുന്നു. പ്രാരംഭ സഹായം കൈപ്പറ്റുന്ന യൂണിറ്റുകൾ പ്രസ്തുത സഹായം കൈപ്പറ്റി ഒരു വർഷത്തിനകം യൂണിറ്റ് ആരംഭിക്കേണ്ടതാണ് .

**b.നിക്ഷേപസഹായം (Investment Support)**

സ്ഥിരനിക്ഷേപങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ധനസഹായംനൽകുന്നു.

| ക്രമ നം. | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 30 ലക്ഷം രൂപ) |
| 2 | വനിത/എസ്.സി/ എസ്.ടി/ യുവസംരംഭകർ/NRK | 25% (പരമാവധി 40 ലക്ഷം രൂപ) |
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>ധനസഹായം നൽകുന്നു.</td></tr>
<tr><td>4</td><td>ഇടുക്കി, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിൽ തുടങ്ങുന്ന സംരംഭങ്ങൾ</td><td>10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായം നൽകുന്നു.</td></tr>
</table>
C. സാങ്കേതികവിദ്യാസഹായം (Technical Support)<br>
സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങ ൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10ലക്ഷം രൂപ അധിക സബ്സിഡി നൽകുന്നു. സംരംഭ സഹായ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി ആനുകൂല്യം 40 ലക്ഷം രൂപയാണ്.
</td>
</tr>
<tr>
<td>(ബി)</td>
<td>കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം തുക അനുവദിച്ചവരിൽ എത്ര പേർക്കാണ് ധനസഹായം ലഭ്യമാക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>കോഴിക്കോട് ജില്ലാ വ്യവസായകേന്ദ്രത്തിന് കീഴിൽ സംരംഭക സഹായ പദ്ധതി പ്രകാരം തുക അനുവദിച്ചവരിൽ 98 പേർക്ക് തുക വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ആയതിൽ സീനിയോറിറ്റി ക്രമത്തിൽ ആദ്യം വന്ന 4 യൂണിറ്റുകൾക്ക് തുക അനുവദിച്ചുകൊണ്ട് 05.02.2025ലെ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ അതിൽ ഒരു യൂണിറ്റിന് 15,34,638/- രൂപ കൂടി അനുവദിച്ച് നൽകേണ്ടതുമുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ഏത് തീയതി വരെ ലഭിച്ച അപേക്ഷകൾക്കാണ് ഇതുവരെ തുക നൽകിയിട്ടുള്ളത്; ബാക്കിയുള്ളവർക്ക് സഹായധനം എപ്പോൾ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>21-03-2023 വരെ ലഭിച്ച അപേക്ഷകളിൽ മുഴുവൻ രേഖകളും ഹാജരാക്കി ക്രമപ്രകാരമായവയ്ക്കാണ് ഇതുവരെ തുക നൽകിയിട്ടുള്ളത്. പദ്ധതി ശീർഷകത്തിൽ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ബാക്കിയുള്ള യൂണിറ്റുകൾക്ക് ധനസഹായം അനുവദിച്ച് നൽകുന്നതാണ് .</td>
</tr>
</table>

സെക്ഷൻ ഓഫീസർ